# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 147 — 5/12/2014 ൽ മറുപടിയ്ക്ക്

## കേരഫെഡിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ.<br>ശ്രീ.പി.തിലോത്തമൻ.<br>ശ്രീമതി.ഗീതാ ഗോപി.<br>ശ്രീ.ഇ.കെ.വിജയൻ.** | **ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)** |
| (എ) കേരഫെഡിൽ ക്രമക്കേടുകളും അഴിമതിയും നടന്നിട്ടുള്ളതായി സഹകരണ വകുപ്പ് രജിസ്ട്രാറുടെ ആഡിറ്റ് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) താഴെ പറയുന്ന വിഷയങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കേരഫെഡിന്റെ 2013-14 വർഷത്തെ ആഡിറ്റിൽ പരാമർശിച്ചിട്ടുണ്ട്.<br><br><u>1. പച്ച തേങ്ങ സംഭരണം</u><br>2012-13 വർഷത്തിൽ മാത്രം നടപ്പിലാക്കുവാൻ അംഗീകരിച്ച പദ്ധതി പ്രകാരമുള്ള സംഭരണം സർക്കാരിന്റെ തുടർ അനുവാദമില്ലാതെ ഇപ്പോഴും തുടരുന്നു. സർക്കാർ നിശ്ചയിച്ച 14 രൂപയിൽ കൂടുതൽ വിലയ്ക്ക് സംഭരണം നടത്തി. കൊപ്രയാക്കുന്നതിനു ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളിൽ നിന്നും ലഭിക്കുന്ന കൊപ്രയുടെ ഗുണനിലവാരം മോശമായതും റിക്കവറി ശതമാനം സംബന്ധിച്ച റെക്കാർഡുകൾ ലഭ്യമല്ലാത്തതും.<br><br><u>2.കൊപ്ര സ്റ്റോക്കിൽ കുറവ്</u><br>1,75,54,215 രൂപയുടെ 1887.55 ക്വിന്റൽ കൊപ്ര സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.<br><br><u>3. പച്ചതേങ്ങ സംഭരണവുമായി ബന്ധപ്പെട്ട സ്വകാര്യ സ്ഥാപനങ്ങളിൽ ഡ്രയറുകൾ സ്ഥാപിച്ചത്.</u><br>സ്ഥാപനവുമായി ഒപ്പു വച്ചിട്ടുള്ള എഗ്രിമെന്റ് / കരാർ, ടെൻഡർ രജിസ്റ്റർ, ടെൻഡർ പരിശോധനാസമിതിയുടെ വിലയിരുത്തൽ / ശുപാർശ ഭരണസമിതി അംഗീകാരം, ഡ്രയർ പൂർത്തീകരണ സർട്ടിഫിക്കറ്റ് ജില്ലാ മാനേജർ നല്കിയ രേഖകൾ, ഓരോ ഡ്രയറിലും |

സംസ്കരിച്ച പച്ചതേങ്ങ, ലഭിച്ച കൊപ്ര, റിക്കവറി, ഗുണനിലവാരം, അനുവാദമില്ലാതെ 3 ഡ്രയറുകൾക്കു ഓരോന്നിനും 21 ലക്ഷം രൂപയ്ക്ക് പകരം 21,50,000 രൂപ നല്കിയത് സംബന്ധിച്ചും, ടെൻഡറിനു അധികരിച്ച് ഡ്രയറുകളുടെ എണ്ണത്തിൽ വ്യത്യാസം വരുത്തിയതും ഷെഡ് നിർമ്മാണം സംബന്ധിച്ചും.

4. കരുനാഗപള്ളി, നടുവണ്ണൂർ എന്നിവിടങ്ങളിൽ പുതിയ പ്ലാന്റുകൾ സ്ഥാപിച്ചതിലെ ക്രമക്കേടുകൾ, EMD അടച്ച തുക തിരികെ നല്കാത്തതും ഓരോ വിഷയത്തിൻമേലും വ്യക്തമായ തീരുമാനം, അതിന്റെ പുരോഗതി അവലോകനം, ഓരോ മാസത്തേയും വരവു ചെലവു കണക്കുകൾ എന്നിവ ഭരണസമിതി തീരുമാനം എടുക്കാത്തതും അംഗീകാരം എടുക്കാത്തതും സംബന്ധിച്ചും.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ക്രമക്കേടുകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | ഇല്ല |

സെക്ഷൻ ഓഫീസർ